എൻ2/13130(1)/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.30/09/2020
ഫോൺ: 0471-2328438
Email ID – dgescholarship@gmail.com

# <u>സർക്കുലർ</u>

വിഷയം :- പൊതുവിദ്യാഭ്യാസം - കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ-നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പണം/ സൂക്ഷ്മ പരിശോധന - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1) ഈ ഓഫീസിലെ എൻ2/13130 /2020/ഡി.ജി.ഇ നമ്പർ സർക്കുലർ തീയതി 25/08/2020 ,
2) ഈ ഓഫീസിലെ എൻ2/13130 (1)/2020/ഡി.ജി.ഇ നമ്പർ സർക്കുലർ തീയതി 09/09/2020
3) ഈ ഓഫീസിലെ എൻ2/7923/2020/ഡി.ജി.ഇ നമ്പർ സർക്കുലർ തീയതി 25/08/2020
4) 16/09/2020-ലെ എൻ.ഐ.സി.യുടെ ഇ-മെയിൽ സന്ദേശം.

2020-21 അദ്ധ്യയന വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) <u>**2020 ഒക്ടോബർ 31**</u> ന് മുമ്പ് സമർപ്പിക്കുന്നതിന് സൂചനകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. <u>ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള അവസാനതീയതി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.</u> ആയതിനാൽ 2020 ഒക്ടോബർ 31 നു മുമ്പ് കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിന് എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരും/പ്രിൻസിപ്പാൾമാരും ശ്രദ്ധിക്കേണ്ടതാണ്.

## <u>നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പണം/ സൂക്ഷ്മ പരിശോധന എന്നിവ സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ</u>

1. പ്രധാനാധ്യാപകർ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ

നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സൂക്ഷ്മ പരിശോധന നടത്തുന്നതിലേക്ക്, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ രജിസ്ട്രേഷൻ നടത്തേണ്ടതും സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

2. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുന്നവർ സ്കൂളിന്റെ രജിസ്ട്രേഷൻ/അഫിലിയേഷൻ സർട്ടിഫിക്കറ്റ് (Pdf format) അപ്‌ലോഡ് ചെയ്താൽ മാത്രമേ തുടർന്നുള്ള ലിങ്കുകൾ (eg: add update details, change password) ലഭിക്കുകയുള്ളൂ.
3. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ കോഴ്സ്/ക്ലാസ്/ഫീസ് വിവരങ്ങൾ തുടങ്ങിയവ അപ്ഡേഷൻ, നടത്തുന്നതിന് സ്കൂൾ പ്രൊഫൈലിലെ add update details എന്ന ലിങ്ക് ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്ത് ആവശ്യമായ വിവരങ്ങൾ കൂട്ടിച്ചേർക്കുകയോ, ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.
4. എല്ലാ സ്കൂളുകളും Administration -ലെ - Add update details എന്ന ലിങ്ക് വഴി Add and update course level, Add and update course, Add course fee, Update course fee എന്നീ ലിങ്കുകൾ ക്ലിക്ക് ചെയ്ത് ശരിയായ വിവരങ്ങൾ നൽകേണ്ടതാണ്.
5. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സൂക്ഷ്മ പരിശോധന നടത്തുമ്പോൾ ഓരോ അപേക്ഷയും പ്രഥമാധ്യാപകൻ കൃത്യമായി പരിശോധിച്ച് ആയതിന്റെ ആധികാരികത/കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.
6. മുൻവർഷത്തെ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പട്ടിക നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നും **Institute Login** - ചെയ്ത് (**Reports-** എന്ന മെനുവിൽ നിന്ന് ) പരിശോധിക്കാൻ സാധിക്കുന്നതാണ്.
7. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളിൽ, അപാകതയുള്ള അപേക്ഷകൾ, **ഡിഫക്ട്** (defect) ആയി രേഖപ്പെടുത്തിയ ശേഷം കുട്ടികൾക്ക് തെറ്റുതിരുത്തി പുനഃ സമർപ്പിക്കാവുന്നതും, (Re-submit) പ്രഥമാധ്യാപകർ **(15/11/2020 ന് മുൻപ്** ) ആയത് **റീ-വെരിഫിക്കേഷൻ ലിങ്ക്** വഴി വീണ്ടും ടി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതുമാണ്.

8. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളിൽ, അർഹത ഇല്ലാത്തവരുടെ അപേക്ഷൾ **റിജക്ട്** (Reject) ചെയ്യേണ്ടതാണ്. വ്യാജമായ (തെറ്റായ) അപേക്ഷകൾ ഒരു കാരണവശാലും സ്കൂളുകളിൽ നിന്നും സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുവാൻ പാടുള്ളതല്ല.
9. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകകളിൽ സ്കൂൾ മാറി സമർപ്പിക്കുന്ന (ഫ്രഷ്/റിന്യൂവൽ) അപേക്ഷകൾ ഡിഫക്ട് (Defect) ആയി രേഖപ്പെടുത്തി നൽകുക.
10. കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളായ ന്യൂനപക്ഷ വിഭാഗം കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് എന്നിവയ്ക്ക് അർഹത നേടിയ ശേഷം സ്കൂൾ മാറുന്ന കുട്ടികൾക്ക് റിന്യൂവൽ അപേക്ഷ നൽകുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അവസരം ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരമുള്ള കുട്ടികൾ മുൻ വർഷത്തെ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ അപേക്ഷ ഓൺലൈനായി പിൻവലിച്ച ശേഷം പുതിയ സ്കൂളിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ പുതുതായി (ഫ്രഷ്) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുക. എന്നാൽ **നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് യോഗ്യത നേടിയവരിൽ റിന്യൂവൽ കുട്ടികൾക്ക് സ്കൂൾ മാറ്റി നൽകുന്നതിനുള്ള സൗകര്യം (Update School) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ റിന്യൂവൽ ലോഗിനിൽ ലഭ്യമാണ്.**
11. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ക്ലാസ് അപ്ഡേഷൻ ലഭിക്കാത്തതിനാൽ ക്ലാസ് മാറി വരാത്ത കുട്ടികളുടെ മേൽ പറഞ്ഞ പ്രകാരമുള്ള സ്കോളർഷിപ്പുകൾക്കുള്ള റിന്യൂവൽ അപേക്ഷകൾ മറ്റ് തരത്തിൽ യോഗ്യമെങ്കിൽ സൂചന (4)-ലെ നിർദ്ദേശമനുസരിച്ച് റിജക്ട്/ഡിഫക്ട് ചെയ്യേണ്ടതില്ല.
12. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളിൽ പ്രധാനാധ്യാപകർ സ്കൂൾ തലത്തിൽ വെരിഫിക്കേഷൻ നടപടി പൂർത്തിയാക്കേണ്ടതും, നടപടി സ്വീകരിക്കാതെ അപേക്ഷകൾ അവശേഷിപ്പിക്കുവാൻ പാടില്ലാത്തതുമാണ്.

13. നിലവിലുള്ള User ID/Password ഉപയോഗിച്ച് Institute ലോഗിൻ ചെയ്യാൻ സാധിക്കുന്നില്ല എങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ (ജില്ല നോഡൽ ഓഫീസറുടെ) കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

14. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സ്കൂൾ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന കഴിഞ്ഞ വർഷത്തെ അർഹരായ കുട്ടികളുടെ (ബനിഫിഷ്യറി) പട്ടികയിലെ എല്ലാ കുട്ടികളും 2020-21 വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷ പുതുക്കി നൽകിയിട്ടുണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

15. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സ്കൂൾ ലോഗിൻ ചെയ്യുന്നതിന്, സ്കൂളുകൾക്ക് ലഭിച്ചിട്ടുള്ള യൂസർ ഐ.ഡി യും പാസ് വേർഡും യാതൊരു വ്യത്യാസവും വരുത്താതെ അപ്ലൈ ചെയ്താൽ മാത്രമേ ഇൻസ്റ്റിറ്റ്യൂട്ട്/സ്കൂൾ ലോഗിൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

16. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിൽ, ഏതെങ്കിലും അപേക്ഷ വ്യാജമായി സമർപ്പിച്ചിട്ടുള്ളതാണെന്ന് പ്രധാനാധ്യാപകന് രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമായി ബോധ്യപ്പെട്ടാൽ അപ്രകാരമുള്ള അപേക്ഷകൾ (Reject) നിരസിക്കാവുന്നതാണ്. എന്നാൽ അപേക്ഷകൾ നിരസിച്ചാൽ പുനഃസമർപ്പിക്കാൻ കഴിയാത്തതിനാൽ ഈ വിഷയം ശ്രദ്ധാപൂർവം കൈകാര്യം ചെയ്യേണ്ടതുമാണ്.

17. ഏതെങ്കിലും സ്കൂളുകൾ വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ, സഹായിക്കുകയോ, സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും, പ്രഥമാദ്ധ്യാപകനെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതും ആയിരിക്കും.

18. മേൽ സ്കോളർഷിപ്പ് സംബന്ധമായ നടപടികൾ കൃത്യമായി പൂർത്തിയാക്കുന്നതിന് പ്രഥമാധ്യാപകർക്ക് അതത് സ്കൂളുകളിലെ ഐ.ടി കോർഡിനേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

19. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി, **31/10/2020** ഉം പ്രഥമാധ്യാപകർ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ട അവസാന തീയതി. **15/11/2020** ഉം ആണ്

20. എൻ.എസ്.പി (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) യുടെ ഐഡിയും പാസ്‌വേർഡും കൈമാറുന്നത് വ്യാജ അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ സഹായകമാകും. ആയതിനാൽ എൻ.എസ്.പി നൽകുന്ന ഐഡി/പാസ്‌വേർഡ് മറ്റാർക്കും കൈമാറി നൽകാതിരിക്കുക.

21. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾക്ക് പൊതുവായി ഒരു യു ഡൈസ് കോഡ് (U dise Code) ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗിൻ ഐ.ഡി. തയ്യാറാക്കിയിട്ടുള്ള സ്കൂളുകളുടെ മേധാവികൾ, അതത് വിഭാഗങ്ങളിലെ കുട്ടികളുടെ വിവിധ സ്കോളർഷിപ്പുകൾക്കുള്ള ഓൺ ലൈൻ അപേക്ഷകൾ വെരിഫൈ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആവശ്യമെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

22. നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് അർഹരായവരിൽ, ഇപ്പോൾ X, XI ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ റിന്യൂവൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, ടി കുട്ടികൾ സ്കൂൾ മാറിവരുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ നേടിയിട്ടുള്ള സ്കൂളുകളിലെ മേധാവികൾ നിർദ്ദിഷ്ഠ മാനദണ്ഡങ്ങൾക്ക് വിധേയമായി ടി ഓൺലൈൻ (NSP) അപേക്ഷകൾ സൂക്ഷ്മ പരിശോധന (Verify) നടത്തേണ്ടതാണ്.

23. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കുട്ടികൾ സമർപ്പിക്കുന്ന മേൽ പറഞ്ഞ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകളിൽ സ്കൂൾ തലത്തിലുള്ള വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടാൻ ഇടവരുന്ന സാഹചര്യത്തിൽ ആയത് പ്രധാനാധ്യാപകരുടെ ബാധ്യതയായി കണക്കാക്കേണ്ടി വരുമെന്നതിനാൽ സ്കൂൾ ലോഗിനിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും യഥാവിധി യഥാസമയം നടപടി സ്വീകരിക്കുവാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

24. **<u>എല്ലാ ജില്ല നോഡൽ ഓഫീസർമാരും (വിദ്യാഭ്യാസ ഉപഡയറക്ടർമാരും) അവർക്ക് ലഭിച്ചിട്ടുള്ള User ID/Password ഉപയോഗിച്ച്, സ്കൂളുകൾക്ക് ആവശ്യമായി വരുന്ന പക്ഷം അവരുടെ പാസ്‌വേർഡ് റീസെറ്റ് ചെയ്തു നൽകേണ്ടതാണ്.</u>**

25. എല്ലാ ജില്ല നോഡൽ ഓഫീസർമാരും (വിദ്യാഭ്യാസ ഉപഡയറക്ടർമാരും) ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, 9,10 ക്ലാസുകളിലെ ഭിന്ന ശേഷിക്കാരായ കുട്ടികൾക്കാ

യുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, എൻ.എം.എം.സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച എല്ലാവിധ ജോലികളും, സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, എല്ലാ ജോലികളും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ആ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &
നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE – പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകർക്കും